*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshvj@gmail.com

213th Issue - Volume 5, No.46 **ജാഗ്രത** 3rd December 2011

" സ്നേഹം അയല്ക്കാരന് ഒരു ദ്രോഹവും ചെയ്യുന്നില്ല. അതു കൊണ്ടു നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ്."

(റോമ-12:10)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS



St. Francis Xavier

**പ്രധാന വാർത്തകൾ**

മുല്ലപ്പെരിയാറിൽ പുതിയ ഡാം:തീരുമാനമെടുക്കാൻ വൈകരുതെന്ന് ആർച്ച് ബിഷപ്
ഡോ.ഫ്രാൻസിസ്കല്ലറക്കൽ

---

സഭാജീവിതം വിശ്വാസത്തിന്റെ ആഘോഷമാക്കി മാറ്റണം: മാർ ജോർജ് ആലഞ്ചേരി

---

ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള പ്രതീക്ഷയാണ് ജീവിതത്തിന്റെ ശക്തി: മാർ ജോസഫ് പൗവത്തിൽ

---

ജയലളിത കേരളത്തിലെ നാലു ജില്ലകൾ സന്ദർശിക്കണം: ബിഷപ്
സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ

---

എച്ച്ഐവി ബാധിതരോടു കരുണ വേണം: മാർ ആൻഡ്രൂസ് താഴത്ത്

---

ആഗ്രഹിക്കുന്ന രീതിയിൽ എല്ലായ്പ്പോഴും അനുഗ്രഹം ലഭിക്കണമെന്നില്ല: ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ

---

**ജാഗ്രതാ വാർത്ത**

ആകുലതയിലെ ആപത്ത് -

---

**ചരിത്ര ജാഗ്രത**

ആവിലായിലെ വിശുദ്ധ യോഹന്നാൻ

---

**വാരാന്ത്യവീക്ഷണം**

അൽഷിമേഴ്സ് ബാധിച്ച സമൂഹം

## മുല്ലപ്പെരിയാറിൽ പുതിയ ഡാം:തീരുമാനമെടുക്കാൻ വൈകരുതെന്ന് ആർച്ച് ഡോ.ഫ്രാൻസിസ്കല്ലറക്കൽ



മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിനു തീരുമാനമെടുക്കാൻ ബന്ധപ്പെട്ട അധികാരികൾ ഇനിയും താമസം വരുത്തരുതെന്നു വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ ആവശ്യപ്പെട്ടു. സമാധാനത്തിന്റെയും സമന്വയത്തിന്റെയും മാർഗം ഇതിനായി അവലംബിക്കണമെന്നും അദ്ദേഹം പറഞ്ഞു. മുല്ലപ്പെരിയാർ പ്രശ്നം സാമാധാനപൂർണമായി പരിഹരിക്കണമെന്നാവശ്യപ്പെട്ട് വരാപ്പുഴ അതിരൂപത കെഎൽസിഎ, കെസിവൈഎം എന്നിവയുടെ നേതൃത്വത്തിൽ സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ നടത്തിയ പ്രാർഥനാ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.വേദനയനുഭവിക്കുന്നവരുടെയും പീഡനമനുഭവിക്കുന്നവരുടെയും പക്ഷം ചേരാൻ സഭയ്ക്കു ബാധ്യതയുണ്ട്. ആശങ്കയനുഭവിക്കുന്ന 35 ലക്ഷം ജനങ്ങളോടൊപ്പം സഭ നിലകൊള്ളുമെന്ന് ആർച്ച്ബിഷപ് പറഞ്ഞു

## സഭാജീവിതം വിശ്വാസത്തിന്റെ ആഘോഷമാക്കി മാറ്റണം: മാർ ജോർജ് ആലഞ്ചേരി



ക്രൈസ്തവരായ നാം സഭാജീവിതം വിശ്വാസത്തിന്റെ ആഘോഷമാക്കി മാറ്റണമെന്ന് സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് മാർ ജോർജ് ആലഞ്ചേരി ഉദ്ബോധിപ്പിച്ചു. കവരപ്പറമ്പ് ലിറ്റിൽ ഫ്ളവർ ഇടവകയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന സുവർണജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കുഞ്ഞുങ്ങളെ വിശ്വാസപരിശീല നത്തിൽ വളർത്തിക്കൊണ്ടു വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കു കയാണ്. ആഗോളവത്കരണ ത്തിന്റെ സ്വാധീനം നമ്മുടെ സമൂഹത്തെയും ഗ്രസിച്ചുകഴി ഞ്ഞു. ഇവിടെയാണ് വിശ്വാസപരി ശീലനത്തിന്റെ പ്രസക്തി ഏറു ന്നത്. കുഞ്ഞുങ്ങൾക്കു മികച്ച ഭൗതീകസാഹചര്യങ്ങൾ ഒരുക്കി ക്കൊടുക്കാൻ പരിശ്രമിക്കുന്ന തിനൊപ്പം അവരെ ആത്മീയതലത്തിലും വളർത്തിക്കൊണ്ടുവരാൻ മാതാപിത ക്കൾക്കു കടമയു ണ്ടെന്നും ആർച്ച് ബിഷപ് ഓർ മിപ്പിച്ചു. .

## ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള പ്രതീക്ഷയാണ് ജീവിതത്തിന്റെ ശക്തി: മാർ ജോസഫ് പൗവത്തിൽ



ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള പ്രതീക്ഷയാണ് മനുഷ്യജീവിതത്തിന്റെ യഥാർഥ ശക്തിയെന്ന് ഇന്റർചർച്ച് കൗൺസിൽ ചെയർമാൻ മാർ ജോസഫ് പൗവത്തിൽ അഭിപ്രായപ്പെട്ടു. പുനലൂർ തിരുഹൃദയ ഇടവകയുടെ സുവർണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവഹിതം അറിഞ്ഞ് ജീവിതം നയിക്കുന്ന വ്യക്തികളാണ് സമൂഹത്തിന് നന്മ ചെയ്യുന്നത്. സാഹചര്യങ്ങൾ അടിച്ചേൽപ്പിക്കുന്ന സമ്മർദങ്ങളെ അതിജീവിക്കാൻ നമുക്ക് കഴിയണം. അടിസ്ഥാനപരമായി ദൈവവിശ്വാസവും സ്നേഹവും കൈമുതലായുള്ള സ മൂഹത്തിന് മാത്രമേ മനുഷ്യധർമം നിറവേറ്റാൻ കഴിയുകയുള്ളൂ. അധികാരം നിലനിർത്തലും ധനസമ്പാദനവും ജീവിതാസക്തികളും പരമപ്രധാനമായി കാണുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. സ്നേഹത്തിന്റെ കൽപ്പനയനുസരിച്ച് ജീവിക്കുമ്പോഴാണ് ജീവിതത്തിന് ശരിയായ അർഥം കൈവരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആസക്തികൾക്ക് പിന്നാലെ നെട്ടോട്ടമോടുന്ന മനുഷ്യൻ യഥാർഥ ജീവിതമെന്തെന്ന് മനസിലാക്കുന്നില്ല. ജീവിതത്തെ പുനക്രമീകരിക്കാനുള്ള കാലഘട്ടമാണ് ഓരോ ജൂബിലിയും നമുക്ക് പ്രദാനം ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു.

## ജയലളിത കേരളത്തിലെ നാലു ജില്ലകൾ സന്ദർശിക്കണം: ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ



മുല്ലപ്പെരിയാർ ഡാമിന് ബലക്ഷയമില്ലന്ന നിലപാടുമായി ഊട്ടിയിലെ സുഖവാസകേന്ദ്രത്തിൽ വിശ്രമിക്കുന്ന തമിഴ്നാട് മുഖ്യമന്ത്രി ജയലളിത ജനങ്ങൾ ഭീതിയോടെ കഴിയുന്ന കേരളത്തിലെ നാലു ജില്ലകൾ സന്ദർശിച്ച് അവരുടെ ആശങ്കകൾ അകറ്റണമെന്നു വിജയപുരം ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ. തമിഴ്നാടിനു ജലവും കേരളത്തിനു സുരക്ഷയും എന്ന കാഴ്ചപ്പാടോടെ മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമിക്കുതന്നെ വേണം. 35 ലക്ഷം ജനങ്ങളുടെ ജീവൻ മുന്നിൽക്കണ്ടരാഷ്ട്രീയം മറന്നു സമൂഹം ഇതിനായി ഒന്നിക്കണം. തമിഴ്നാട്-കേരള സർക്കാരുകളെ കാര്യങ്ങൾ പറഞ്ഞു മനസിലാക്കി സമവായത്തിൽ എത്തിക്കാൻ പ്രധാനമന്ത്രി ഇടപെടണം. രണ്ടു സംസ്ഥാനങ്ങളിലെ ജനങ്ങളുടെ വൈകാരിക പ്രശ്നം എന്ന നിലയിൽ മുല്ലപ്പെരിയാർ വിഷയത്തെ സമചിത്തതയോടെ സമീപിക്കണമെന്നും ബിഷപ് അഭിപ്രായപ്പെട്ടു. കെഎസ്സി-എം സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച 35 ലക്ഷം ജനങ്ങളുടെ ഒപ്പുശേഖരിച്ചു രാഷ്ട്രപതിക്കു സമർപ്പിക്കുന്ന 'ഒരു ജീവൻ ഒരു ഒപ്പ്' എന്ന പ്രചാരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

## എച്ച്ഐവി ബാധിതരോടു കരുണ വേണം: മാർ ആൻഡ്രൂസ് താഴത്ത്



എച്ച്ഐവി ബാധിതരോടു സമൂഹം കരുണ കാണിക്കണമെന്ന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. മാർ കുണ്ടുകുളം മെമ്മോറിയൽ ഗ്രേയ്സ് ഹോമിൽ ലോക എയ്ഡ്സ്ദിനാചരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. എയ്ഡ്സ് രോഗികളായ അന്തേവാസികൾക്കു സ്നേഹ സാന്ത്വനങ്ങൾ പകർന്നുകൊണ്ടാണ് ഇന്നലെ രാവിലെ ആർച്ച്ബിഷപ്പ് നാമഹേതുക തിരുനാൾ ആഘോഷിച്ചത്. ഇന്നാണ് ലോക എയ്ഡ്സ്ദിനം. രോഗികൾക്കു മെഡിക്കൽ കോളജിൽനിന്ന് എല്ലാ സഹായവുമുണ്ടാകുമെന്ന് അധ്യക്ഷത വഹിച്ചു സംസാരിച്ച

## ആഗ്രഹിക്കുന്ന രീതിയിൽ എല്ലായ്പ്പോഴും അനുഗ്രഹം ലഭിക്കണമെന്നില്ല: ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ



മനുഷ്യൻ ആഗ്രഹിക്കുന്ന രീതിയിൽ ദൈവം എല്ലായ്പ്പോഴും ഉത്തരംനൽകണമെന്നില്ലെന്ന് ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ. കോതമംഗലം രൂപത ബൈബിൾ കൺവൻഷിൽ സമാപന സന്ദേശം നൽകുകയായിരുന്നു ബിഷപ്. ദൈവം നല്ലവനും ജ്ഞാനിയുമാണ്. നമ്മൾ ആവശ്യങ്ങളുന്നയിക്കുമ്പോൾ ചിലപ്പോൾ നിശബ്ദനായിരിക്കും. അത്തരം വേളകളിൽ നാം നിരാശപ്പെടാതെ എളിമപ്പെട്ട് മനസുരുകി കേണ് പ്രാർഥിക്കണം. അപ്പോൾ വാതിൽ തുറക്കപ്പെടും. ആത്മീയ, മാനസിക, ശാരീരിക വേദനകൾ അനുഭവിക്കുന്നവർ ശിശുസഹജമായ അവസ്ഥയിലേക്ക് മാറി പ്രാർഥിക്കുമ്പോൾ ദൈവം പ്രാർഥന കേൾക്കാതിരിക്കില്ലെന്നും ബിഷപ് പറഞ്ഞു. കോതമംഗലം സെന്റ് ജോർജ് സ്റ്റേഡിയത്തിൽ അഞ്ചുദിവസമായി നടന്നുവന്ന അഭിഷേകാഗ്നി ബൈബിൾ കൺവൻഷന്റെ സമാപന ദിവസമായ ഇന്നലെയും വിശ്വാസികളുടെ വൻതിരക്കാണ് അനുഭവപ്പെട്ടത്. കോതമംഗലം കണ്ടതിൽ ഏറ്റവും വലിയ ബൈബിൾ കൺവൻഷനായി മാറുകയായിരുന്നു അഭിഷേകാഗ്നി. അരലക്ഷത്തിലധികം പേരാണ് ദിവസവും കൺവൻഷനെത്തിയത്.അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. സേവ്യർ ഖാൻ വട്ടായിൽ നയിച്ച കൺവൻഷനിൽ ഫാ. സാജു ഇലഞ്ഞിയിൽ, ഫാ. റെനി പുല്ലുകാലായിൽ, ഫാ. സാംസൺ മണ്ണൂർ, ബ്രദർ തോമസ് താഞ്ചൻ, ഫാ. ആന്റോ അരീക്കാട്ട്, ഫാ. ജോയി കടങ്ങൻ എന്നിവർ വചനപ്രഘോഷണം നടത്തി.

## ആകുലതയിലെ ആപത്ത്

ആധുനിക ജീവിതശൈലിയുടെ ഒരു ഉൽപന്നമാണ് ഉത്കണ്ഠയും ആകുലതയും. ഇന്ന് സാമ്പത്തിക മുന്നേറ്റം എറെയുണ്ട്. ഗ്രാമീണാന്തരീക്ഷത്തിന്റെ ശാലീനതയിൽനിന്ന് നാഗരികതയുടെ സങ്കീർണ്ണതയിലേക്കുള്ള മാറ്റം സംഭവിച്ചിരിക്കുന്നു. കാർഷിക ജീവിതത്തിൽ കൃഷിയിറക്കിന്റെയും വിളവെടുപ്പിന്റെയും കാലത്ത് അൽപം തിരക്കുണ്ടാകുമെങ്കിലും അതിനിടയിലും അതിനുശേഷിയുള്ള ജീവിതത്തിൽ വിശ്രമസമയങ്ങൾ ഏറെയായിരുന്നു. ജനങ്ങൾ തമ്മിൽ കൂടുതൽ ബന്ധപ്പെടാനും ആശയവിനിമയം നടത്താനുമെല്ലാം അവസരം ലഭ്യമായിരുന്നു.

ഇന്നാകട്ടെ തിരക്കിട്ട ജീവിതചര്യയാണ്. ഭാര്യയും ഭർത്താവും ജോലിക്കാർ. മക്കൾക്ക് പഠനവും ട്യൂഷനും, ആർക്കും ഒന്നിനും സമയം തികയുന്നില്ല. ആശയവിനിമയത്തിനുള്ള മാധ്യമങ്ങളും മാർഗങ്ങളും ഇന്നു വളരെയേറെ പെരുകിയിട്ടുണ്ട് എന്നിരുന്നാലും ഇന്ന് ഭവനങ്ങളിൽ ശരിയായ ആശയവിനിമയം നടക്കുന്നില്ല. കൊടുംപിരിക്കൊണ്ട മാനസികസംഘർഷത്തിൽ അനേകരും കഴിയുന്നു. ഭവനങ്ങളിൽ പൊട്ടിത്തെറികളും സംഘർഷങ്ങളും വർധിച്ചുവരികയാണ്. ആകുലതയും പിരിമുറുക്കവുമായി നടക്കുന്ന വ്യക്തികൾ ഇന്ന് ഒട്ടേറെയത്രേ.

ആകുലത മരണത്തിൽ കലാശിക്കുന്നു എന്ന യാഥാർഥ്യം ഹൃദ്യമായി വെളിപ്പെടുത്തിയിരിക്കുന്നു. കുറെ വർഷങ്ങക്കു മുൻപ് അമേരിക്കയിലെ നാഷണൽ മെന്റൽ ഹെൽത്ത് കമ്മറ്റി നൽകിയ ഒരു റിപ്പോർട്ട് പറയുന്നത് അവിടെയുള്ള ആശുപത്രികളിൽ കഴിയുന്ന രോഗികളിൽ പകുതിയിലധികം പേർ ആകുലതയ്ക്കും മാനസിക പരിമുറുക്കത്തിനും അധീനരാണെന്നാണ്. മാനസിക സംഘർഷം പലവിധത്തിലുള്ള അസ്വാസ്ഥ്യങ്ങളിലേക്കും വഴിതുറക്കുന്നു. കഠിനമായ കൊടിഞ്ഞി, ആർത്രൈറ്റിസ്, ഹൃദ്രോഗം, കുടലിൽ കരുക്കൾ, സന്ധിവേധന, ദഹനസംബന്ധമായ പ്രശ്നങ്ങൾ, വിഷാദം... ഇങ്ങനെ നീണ്ട പട്ടിക നിരത്താം. ആത്യന്തികമായി അവ മരണത്തിനും ഇടയാക്കുന്നു.

ആകുലതയ്ക്കു പല കാരണങ്ങൾ ചൂണ്ടികാണിക്കാനുണ്ടാകും. ഉപഭോഗ സംസ്കാരത്തിന്റെ ഉപോപൽപന്നമായ കിടമത്സരം ഒരു കാരണമാണ്. എല്ലാ രംഗത്തും മത്സരമാണ്. നേരിടുന്ന ചില പരാജയങ്ങളോ തിരിച്ചടികളോ സമചിത്തതയോടെ കൈകാര്യം ചെയ്യാൻ കഴിയുന്നില്ല; വലിയ ആഘാതമായി എടുക്കുന്നു. ഭാവിയെപറ്റിയുള്ള ആശങ്കയാണ് മറ്റൊരു പ്രശ്നം. പലതിലും അനിശ്ചിതത്വം നിലനിൽക്കുമ്പോൾ അത് ഉത്കണ്ഠയ്ക്കും ആകുലതയ്ക്കും കാരണമാകുന്നു. കാൻസർ പോലുള്ള ചില രോഗങ്ങളുടെ കടന്നാക്രമണം പലരെയും അസ്തപ്രജ്ഞരാക്കുന്നു. രോഗിയിൽ മാത്രമല്ല കുടുംബാംഗങ്ങളിലും ഉത്കണ്ഠ ഉളവാക്കുന്നു.

മെഡിക്കൽ സയൻസിന്റെ പുരോഗതികൊണ്ട് ഇന്ന് ആയുർദൈർഘ്യം വർധിച്ചിട്ടുണ്ട്. പക്ഷേ അത് വാർധക്യത്തിന്റെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പലരിലും എകാന്തതയും ഒറ്റപ്പെട്ടു എന്ന ചിന്തയും അസ്വസ്ഥത ഉളവാക്കുന്നു. ഹൃദയവികാരങ്ങൾ പങ്കുവയ്ക്കാനും അവശതയിൽ സഹായം നൽകാനും ആരുമില്ലെന്നുള്ള ചിന്ത അനേകം മുതിർന്ന പൗരന്മാരെ ആകുലചിത്താരാക്കുന്നു. ഇല്ലാത്ത രോഗങ്ങളും അപ്പോൾ പ്രത്യക്ഷപ്പെടാം. കാരണം എന്തായാലും സാഹചര്യങ്ങൾ വ്യത്യസ്തമായാലും ആകുലതയിൽ കഴിയുന്നവരുടെ സംഖ്യ വളരെ വർധിച്ചിട്ടുണ്ട്. ദീപ്തമായ വിശ്വാസം സ്വായത്തമാക്കുക. ക്രിസ്തുദേവൻ പ്രഖ്യപിച്ചു: എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും എന്തു ധരിക്കും എന്നു വിചാരിച്ച് നിങ്ങൾ ആകുലരാകേണ്ട വിജാതീയരാണ് ഇവയെല്ലാം അന്വേഷിക്കുന്നത്. നിങ്ങൾക്കിവയെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ സ്വർഗീയപിതാവ് അറിയുന്നു. ആകയാൽ നാളെയെക്കുറിച്ച് നിങ്ങൾ ആകുലരാകരുത്. നാളത്തെ ദിനം തന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും. ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി. ഏതെങ്കിലും ക്രിയാത്മക കാര്യങ്ങളിൽ വ്യാപൃതമാകുന്നതും ആകുലതയ്ക്കും പ്രതിവിധി തന്നെ.

## ആവിലായിലെ വിശുദ്ധ യോഹന്നാൻ

സുവിശേഷ പ്രസംഗകനും, കുമ്പസാരക്കാരനും, ആത്മീയോപദേഷ്ടാവും, മതാധ്യാപകനും വിദ്യാഭ്യാസ പണ്ഡിതനും, ദൈവശാസ്ത്രജ്ഞനും എല്ലാമായി 16-ാം നൂറ്റാണ്ടിൽ സ്പെയനിൽ വിശുദ്ധിയുടെ നറുമലർ പടർത്തിയ, സ്പെയിനിലെ വൈദിക ജീവിതത്തിന്റെ വിശുദ്ധീകരണത്തിന് നിർണ്ണായക സംഭാവനകൾ നല്കിയ ആവിലായിലെ വിശുദ്ധയോഹന്നാനെ ബനഡിക്ട് 16-ാമൻ മാർപ്പാപ്പ സഭയിലെ വേദപാരംഗതരുടെ ഗണത്തിലേക്ക് ഉയർത്തുന്നു.

ലോകയുവജനസമ്മേളനത്തിന് മാഡ്രിഡിലെത്തിയപ്പോഴാണ് മാർപ്പാപ്പ ഈ പ്രഖ്യാപനം നടത്തിയത്. മഹാനായ ഗ്രിഗറി മുതൽ കൊച്ചു ത്രേസ്യ വരെ 33 വിശുദ്ധർക്കാണ് ഇതിനു മുമ്പ് സഭ വേദപരംഗത പട്ടം ചാർത്തിയിട്ടുള്ളത് . വിശുദ്ധ കുർബാനയോടുള്ള ഭക്തിയിൽ നിന്നും ശക്തി സ്വീകരിച്ച യോഹന്നാന്റെ ജീവിതത്തിലൽ ഏറെക്കാലം രോഗ പീഢകളുടെ കൂട്ടുണ്ടായിരുന്നു. മനുഷ്യാവതാരത്തിൽ പരിശുദ്ധ അമ്മ വഹിച്ച പങ്കിനു തുല്യമാണ് വൈദികൻ സഭയിൽ വഹിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ശാരീരിക അവശതകൾ മറന്നും അദ്ദേഹം ദൈവവചനം പ്രസംഗിച്ചു. വൈദികർക്കുണ്ടാവേണ്ട ഏറ്റവും വലിയ ഗുണം വിശുദ്ധിയാവണമെന്ന് അദ്ദേഹം പ്രസംഗിച്ചു ജീവിച്ചു കാണിച്ചു. ആവിലായിലെ വി. ത്രേസ്യ അടക്കം അരഡസൻ വിശുദ്ധരുടെ ജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ അദ്ദേഹത്തെ വിശുദ്ധരുടെ വിശുദ്ധൻ എന്നു വിളിക്കാം.

സുവിശേഷ പ്രവർത്തനത്തിന്റെ ഭാഗമായി അദ്ദേഹം നടത്തിയിട്ടുള്ള രചനകളുടെ സ്പാനിഷ് സമാഹാരങ്ങൾ 1618, 1757, 1772, 1802 വർഷങ്ങളിൽ പുറത്തു വന്നു. തുടർന്നു ഫ്രഞ്ച് ജർമ്മൻ ഇംഗ്ലീഷ് ഭാഷകളിൽ വിവർത്തനങ്ങളും ഉണ്ടായി. ക്രൈസ്തവ പൂർണ്ണതയെക്കുറിച്ചുള്ള ഔഡിത്ത് ഫൂളി, ആത്മീയ ലേഖനങ്ങൾ എന്നീ ഗ്രന്ഥങ്ങൾ ഏറെ പ്രചാരം നേടി.

1500 ജനുവരി ആറിന് സ്പെയിനിലെ അൽമോദോവാരായിൽ യഹൂദവംശത്തിൽ പെട്ട ഒരു സമ്പന്ന കുടുംബത്തിൽ യോഹന്നാൻ ജനിച്ചു. 14-ാം വയസ്സിൽ സലമാങ്കാ സർവകലാശാലയിൽ നിയമ പഠനത്തിനു ചേർന്നു. പഠനം പൂർത്തിയാക്കാതെ മടങ്ങി. വീട്ടിൽ കഠിനമായ ഭക്തജീവിതം ആരംഭിച്ചു. തുടർന്നുപഠിച്ചത് തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും. അങ്ങനെ 17-ാം വയസ്സിൽ വൈദികനായി.

1527ൽ മെക്സിക്കോയിലേക്ക് മിഷനറി പ്രവർത്തനത്തിന് പോയി. സെവില്ലയിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ സഭയിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. അദ്ദേഹത്തെ സ്പെയിനിലേക്കു മടക്കി കൊണ്ടുവരുകയും ആൻഡലുസിയായിലേക്ക് അയക്കുകയും ചെയ്തു. ഇവിടെ നൂറോളം വൈദികർക്കു നേതൃത്വം കൊടുത്തുകൊണ്ട് സുവിശേഷ പ്രവർത്തനങ്ങളിൽ മുഴുകി. ആൻഡലൂസിയായുടെ അപ്പസ്തോലൻ എന്നറിയപ്പെടാൻ മാത്രം ശക്തമായിരുന്നു പ്രവർത്തനങ്ങൾ . 1532 - ൽ മതദ്രോഹക്കുറ്റത്തിനു ജയിലായി. 33 -ൽ വിമോചിക്കപ്പെട്ടു. അവിടെ കിടന്നാണ് ആത്മീയഗ്രന്ഥം എഴുതിയത്. ജയിൽ വിമുക്തനായ അദ്ദേഹം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു. 1531 ൽ ബേസ സർവകലാശാല ആരംഭിച്ചപ്പോൾ അദ്ദേഹത്തിനായിരുന്നു ചുമതല.

1569 മെയ് 10 ന് മോൺടില്ലായിൽ വച്ച് മരിച്ചു. 1799 ഫെബ്രുവരി എട്ടിന് ക്ലമന്റ് 13 -ാമൻ പാപ്പാ അദ്ദേഹത്തെ ധന്യനായി പ്രഖ്യാപിച്ചു. 1893 നവംബർ 12 ന് ലെയോ 13 -ാമൻ വാഴ്ത്തപ്പെട്ടവനായും 1970 മെയ് 31 ന് പോൾ ആറാമൻ വിശുദ്ധനായും പ്രഖ്യപിച്ചു. ഇതിനിടെ 1946 - ൽ അദ്ദേഹത്തെ സ്പെയിനിലെ ഇടവക വൈദികരുടെ മധ്യസ്ഥനാക്കി. ഇപ്പോൾ സഭയുടെ വേദപാരംഗതനായും ഉയർത്തുന്നു.

## അൽഷിമേഴ്സ് ബാധിച്ച സമൂഹം

---

അൽഷിമേഷ്സ് എന്ന മറവിരോഗം വ്യപകമാകുന്നുവെന്ന വാർത്ത ഉണ്ടായിരുന്നു. ഓർസകൾക്ക് പ്രാധാന്യം നഷ്ടപ്പെടുന്നുവെന്ന തോന്നലാണ് ഈ വാർത്ത ആദ്യം ഉണ്ടാക്കിയത്. ഓർസകൾ അനാവശ്യമാണെന്ന വിചാരം വിപുലമായ രീതിയിൽ പ്രചരിക്കുന്നുവെന്നും തോന്നി. മുല്ലപ്പെരിയാറിന്റെ കാര്യം തന്നെ ഉദാഹരണം. ഇപ്പോൾ ഉയർന്ന വന്ന ഉത്ക്കണ്ഠകൾ ഇതുവരെ ഇല്ലാത്തതാണ്. ഇനിയും കുറച്ചു കഴിഞ്ഞാൽ ഈ ഉത്ക്കണ്ഠ മറന്ന് നമ്മൾ വീണ്ടും സാധാരണ ഗതിയിലേക്കു മടങ്ങും പാവം മാനവ ഹൃദയം എന്ന സുഗതകുമാരിയുടെ കവിത ഇവിടെ പാഠമാകുന്നു.

പ്രശ്നങ്ങളെ കേവല രാഷ്ട്രീയത്തിന്റെ കളർക്കണ്ണാടിയിലൂടെ മാത്രമാണ് നമ്മുടെ നേതാക്കന്മാർ കാണുന്നതെന്നു തോന്നാറുണ്ട്. രാഷ്ട്രീയ നേട്ടത്തിനുവേണ്ടിയാണ് അവരുടെ നിലപാടുകളും നീക്കങ്ങളും. തങ്ങൾ ഭരിച്ചപ്പോൾ മുല്ലപ്പെരിയാർ സമരപ്പന്തലിന്റെ അടുത്തുകൂടിപ്പോലും പോകാത്തവർ ഇപ്പോൾ മറ്റുള്ളവരെയെല്ലാം, അവിടത്തെ ജനകീയ പ്രക്ഷോഭത്തിനു നേതൃത്വം കൊടുത്തുകൊണ്ട് വർഷങ്ങളായി സമരപന്തലിൽ ഇരിക്കുന്നവരെപ്പോലും, മാറ്റി നിർത്തി മാധ്യമ ശ്രദ്ധനേടുന്നു. ഇക്കാലമത്രയും മുല്ലപ്പെരിയാറിന്റെ അപകടസാധ്യത ജനസമൂഹത്തിൽ കൊണ്ടുവരാൻ പാടുപെട്ടവരൊക്കെ പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നു. ജനങ്ങളുടെ നന്മയോ സുരക്ഷയോ അല്ല തങ്ങളുടെ അജൻഡ പ്രത്യുത കേവലം രാഷ്ട്രീയ ലാഭവും അധികാരവും മാത്രമാണെന്നു വെളിപ്പെടുത്തുന്നതാണ് ഈ നീക്കങ്ങൾ. ഇതു മുല്ലപ്പെരിയാറിനെ സംബന്ധിച്ച കാര്യത്തിൽ മാത്രമല്ല മറ്റു പല നിലപാടുകളിലും വ്യക്തമാണ്. 1990 ന്റെ ആദ്യഘട്ടത്തിൽ സ്വാശ്രയകോളേജുകൾക്കെതിരായ സമരങ്ങൾ ശക്തമായിരുന്നു. കൂത്തുപറമ്പ് സംഭവവും അവിടെ രക്തസാക്ഷികളായ നാലു ഡി.വൈ.എഫ്.ഐ ക്കാരുടെയും അനുസ്മരണ ഈ ദിവസങ്ങളിൽ ഇടതുപക്ഷ പത്രങ്ങളും കവലകളിലെ ഫ്ളക്സ് ബോർഡുകളിലും നിറഞ്ഞിരുന്നു. സ്വാശ്രയ സ്ഥാപനങ്ങൾക്കെതിരായ സമരത്തിൽ ജീവനർപ്പിച്ചവരുടെ ഓർമ്മ ആഘോഷപൂർവ്വം കൊണ്ടാടുമ്പോൾ ആ പാർട്ടി അധികാരം കൈയ്യാളുമ്പോൾ അനുവദിച്ചത് ഇരുന്നൂറിലേറെ സ്വാശ്രയ കോളേജുകളാണ് എന്നത് ഒരു കറുത്ത സത്യം. മാത്രം രക്തസാക്ഷികളെ വേണം അവരുടെ നിലപാടുകൾ വേണ്ട എന്നത് കൗതുകം ഉണർത്തുന്നു. അൽഷിമേഷ്സ് ബാധിച്ചവർ ഇതൊക്കെ മറക്കുന്നു.

സ്വാശ്രയ രംഗവും വെറുമൊരു ഉദാഹരണം മാത്രം. ഇതുപോലെ എത്രയേറെ കാര്യങ്ങൾ നമ്മൾ മറന്നു കഴിഞ്ഞു. ഈ മറവിമുതലെടുത്താണ് പലപ്പോഴും രാഷ്ട്രീയ ലാഭത്തിനായി കബളിപ്പിക്കുന്നത്. കാര്യങ്ങൾ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നവരെ അധിക്ഷേപിച്ച് നിശ്ശബ്ദമാക്കാനുള്ള ശ്രമവും വ്യാപകം. മറവിതന്നെയാണ് നല്ലതെന്നു ഒരു സമൂഹം ചിന്തിക്കുമ്പോൾ അൽഷിമേഷ്സ് വ്യാപകമാകുന്നതിൽ അത്ഭുതമില്ലല്ലോ.

റവ. ഫാ. ഫിലിപ്പ് നെല്പുരപറമ്പിൽ

"Jagratha News" - An internet news service is free and for private circulatio
Web: www.kcbcsocialharmony.org Blog: jagrathakcbc.blogspot.com
Designed and Edited by , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA